(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഐ.എ.എസ്. കൺഫർ ചെയ്ത കൊടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ

1 (3500) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സർവ്വീസിലെയും സബോർഡിനേറ്റ് സർവ്വീസിലെയും ഉദ്യോഗസ്ഥർക്ക് ഐ.എ.എസ്. കൺഫർ ചെയ്ത കൊടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഇത്തരത്തിൽ ഐ.എ.എസ്. കൺഫർ ചെയ്ത നൽകുന്നതിന് ഉദ്യോഗസ്ഥരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത ലിസ്റ്റിൽ അഴിമതിയാരോപണത്തിന്റെ പേരിൽ വിജിലൻസ് അന്വേഷണം നേരിടുന്നവരോ സ്ത്രീ പീഡന കേസുകളിൽ ഉൾപ്പെട്ടവരോ ഉണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർവ്വീസിൽ 8 വർഷം പൂർത്തിയാക്കിയ ഡെപ്യൂട്ടി കളക്ടർമാർക്ക് IAS (Appointment by promotion) Regulations 1955 പ്രകാരവും ഡെപ്യൂട്ടി കളക്ടർ തസ്തികയ്ക്ക് തുല്യമായ തസ്തികയിൽ 8 വർഷം പൂർത്തിയാക്കിയ മറ്റ് സർക്കാർ ഉദ്യോഗസ്ഥർക്ക് IAS (Appointment by Selection) Regulations. 1997 പ്രകാരവും ഐ.എ.എസ്. കൺഫർ ചെയ്ത് നൽകാറുണ്ട്. നിലവിലെ നിബന്ധനകൾ പ്രകാരം സെലക്ഷൻ/പ്രൊമോഷന് പരിഗണിക്കുന്ന വർഷത്തിലെ ജനുവരി 1-ന് ഉദ്യോഗസ്ഥന് 54 വയസ്സ് തികയാൻ പാടില്ല.

(ബി) ഉണ്ട്.

(സി) ഇല്ല.

ആശ്രിത പെൻഷൻ

2 (3502) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന കണ്ണൂരിലെ തെങ്ങിൽ ചന്ത്രോത്ത് കൃഷ്ണൻ നമ്പ്യാരുടെ വിധവ കുറ്റിയാട്ട് നാരായണി അമ്മയ്ക്ക് അനുവദിച്ചു നൽകിയ

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻ (കേരള ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ സ്കീം) 31-10-2013-ന് അവർ മരണമടഞ്ഞതിനെത്തുടർന്ന് മകളും,ആശ്രിതയും ഏക അനന്തരാവകാശിയുമായ തനിയ്ക്ക് അനുവദിച്ചു നല്കണമെന്നാവശ്യപ്പെട്ട് ശ്രീമതി പത്മാവതി നൽകിയ അപേക്ഷയിന്മേൽ കൈക്കൊണ്ട നടപടി വിശദീകരിക്കുമോ?

ഉത്തരം

പരേതനായ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷണർ തെങ്ങിൽ ചന്ത്രോത്ത് കൃഷ്ണൻ നമ്പ്യാരുടെ മകൾ ശ്രീമതി റ്റി. കെ. പത്മാവതിക്ക് തുടർ പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ടിനായി നൽകിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ആശ്രിതനിയമനത്തിനുള്ള അപേക്ഷകൾ

3 (3503) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ വകുപ്പുകളിലായി എത്ര പേർക്ക് ആശ്രിത നിയമനം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഏതു കാലയളവുവരെ സമർപ്പിച്ച അപേക്ഷകളാണ് പരിഗണിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ആശ്രിത നിയമനം ലഭ്യമാക്കുന്നതിനു വേണ്ടി എത്ര അപേക്ഷകളാണ് നിലവിലുള്ളത്; പ്രസ്തുത നിയമനങ്ങൾ വേഗത്തിലാക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ആശ്രിതനിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിക്കേണ്ടിവന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ആയത് പരിഹരിക്കുന്നതിനായി, 6-7-2012-ലെ ജി.ഒ. (എം.എസ്.) നമ്പർ 174/12/ ജി.എ.ഡി. പ്രകാരം 549 തസ്തികകളും, 2-9-2013-ലെ ജി.ഒ.(എം.എസ്.) നമ്പർ 249/13/ജി.എ.ഡി. പ്രകാരം 356 തസ്തികകളും ഉൾപ്പെടെ ആകെ 905 തസ്തികകൾ വിവിധ വകുപ്പുകളിൽ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 2-6-2014-ലെ ജി.ഒ.(എം.എസ്.) നമ്പർ 131/2014/ജി.എ.ഡി. പ്രകാരം നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ 3 സൂപ്പർ ന്യൂമററി തസ്തികകളും, 6-11-2014-ലെ ജി.ഒ.(എം.എസ്.) 307/2014/പൊ.ഭ.വ. പ്രകാരം 1 അസിസ്റ്റന്റ് തസ്തികയും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ഇതിനു പുറമെ വിവിധ

LIBRARY ARCHIVES Kerala Legislative Assembly